സേനയുടെ സേവനം സിനിമാ നിർമ്മാണത്തിന് വിട്ടുകൊടുക്കാറുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സിനിമയിൽ അഭിനയിക്കുന്ന വിവിധ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്ന പ്രതിഫലവും ഇതിൽ സർക്കാരിനു ലഭിക്കുന്ന വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിൽ ഉണ്ട്.

(സി) സിനിമാ ഷൂട്ടിംഗിന് സംസ്ഥാന പോലീസിന്റെ വാഹനങ്ങളും കെട്ടിടങ്ങളും ആയുധങ്ങളും നൽകുന്നതിന് ഈടാക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവിൽ ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന ചിത്രങ്ങളിൽ അഭിനയിക്കുന്നതിന് പോലീസ് സേനയെ വിട്ടുകൊടുക്കുകയും സംസ്ഥാന പോലീസിന്റെ വാഹനങ്ങളും മറ്റു ഉപകരണങ്ങളും കെട്ടിടങ്ങളും നൽകുകയും ചെയ്തു.

1. രക്തസാക്ഷികൾ സിന്ദാബാദ്
2. ക്രൈം ഫയൽ
3. ക്രൈം
4. എഴുപുന്ന തരകൻ
5. കണ്ണൂർ
6. സിദ്ധാർത്ഥ
7. ഹർത്താൽ
8. പോലീസ് കോടതി

(ഇ) പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ 1,11,090/- രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(എഫ്) സിനിമാ ചിത്രീകരണവുമായി ബന്ധപ്പെട്ട് പോലീസിനെ വിട്ടുകൊടുക്കുന്നതിന് ഈടാക്കുന്ന തുക 13.7.99-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.1574/99/ൽ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

മാളയിൽ പുതിയ പോലീസ് സ്റ്റേഷൻ

96(1580) ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സ്ഥലത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) മാള നിയോജക മണ്ഡലത്തിൽ കോണത്തുകുന്ന് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പുതിയ പോലീസ് സ്റ്റേഷനുകൾ എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങാനുദ്ദേശിക്കുന്ന '79' സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(സി) ഇപ്പോൾ പരിഗണനയിലില്ല

(ഡി) സർക്കാർ അംഗീകരിച്ച മുൻഗണനാലിസ്റ്റ് പ്രകാരം പോലീസ് ഡയറക്ടർ ജനറലിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

കോട്ടായി പോലീസ് സ്റ്റേഷൻ പണിക്ക് ഭരണാനുമതി

96(1580) ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ കോട്ടായി പോലീസ് സ്റ്റേഷൻ കെട്ടിടം പണിക്ക് വേണ്ട ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പണിക്കാവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം പണി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) പരിശോധിച്ചുവരികയാണ്.

മ്യൂസിയം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചന്ദനമരം മുറിച്ചുമാറ്റുന്ന സംഭവം

98(1582) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനതിർത്തിയിൽ ചന്ദനമരം മുറിച്ചു മാറ്റുന്ന സംഭവം വ്യാപകമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതിൽ ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനി പിടികിട്ടാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷനതിർത്തിയിൽ ചന്ദനമരം മുറിച്ച് കടത്ത് വ്യാപകമായതിനെക്കുറിച്ച് പോലീസിന്റെ ഒരു പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷണം നടത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly